## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6564

9/07/2014 ൽ
മറുപടിക്ക്

### പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി

**ചോദ്യം**

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.പി.വിൻസെന്റ്

**ഉത്തരം**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
( സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഖാദി ഗ്രാമ വ്യവസായ മേഖലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി തൊഴിൽദായക പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.<br>1.സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br>2.പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക,അതിലൂടെ തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.<br>3.സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് വരുത്തുക.<br>4.തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുകയും അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക.<br>5.ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക. |

| | |
|---|---|
| (ബി)പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് 2014-15 വർഷം പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് 628 പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അതിലൂടെ 5024 പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വ്യവസായ സംരംഭകർക്ക് 813.06 ലക്ഷം രൂപ മാർജിൻ മണിയായി അനുവദിക്കാനും ലക്ഷ്യമിടുന്നുണ്ട്. |
| (സി) ഏതെല്ലാം തരത്തിലുള്ള തൊഴിലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നെഗറ്റീവ് ലിസ്റ്റിൽപെടുത്തിയിരിക്കുന്ന വ്യവസായങ്ങൾ ഒഴികെയുള്ള വ്യവസായങ്ങൾ പ്രസ്തുത പരിധിയിൽ വരുന്നതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) ഇതിനായി പത്രമാധ്യമങ്ങൾ, ആഴ്ച പതിപ്പുകൾ , മാസികകൾ ബ്രോഷറുകൾ,ദൃശ്യശ്രാവ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ പരസ്യം നൽകി ജനങ്ങൾക്ക് വിവരം ലഭ്യമാക്കുന്നുണ്ട്. ഖാദി ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിലും വിവരം ലഭ്യമാക്കാനുള്ള വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സ്വയം തൊഴിലിന് അപേക്ഷിക്കാവുന്ന വ്യവസായങ്ങളെ സംബന്ധിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു.**

1. **ലോഹങ്ങളെ അടിസ്ഥാനമാക്കിയുള്ളവ**

   കളിമണ്ണ് വ്യവസായം, കമ്മായ വ്യവസായം, കല്ല് വെട്ടൽ, കല്ലുടയ്ക്കൽ, പ്ലാസ്റ്റർ ഓഫ് പാരീസ് നിർമ്മാണം, ജ്വവലറി, വൈരക്കൽ നിർമ്മാണം മുതലായവ

2. **കൈക്കടലാസ് - നാരു വ്യവസായം**

   കൈക്കടലാസ്, ചണം, കയർ ഉല്പന്നങ്ങൾ, മറ്റു നാരു വ്യവസായങ്ങൾ മുതലായവ

3. **വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം**

   ഷെല്ലാക്ക് നിർമ്മാണം, ഈറ – മുള സംസ്കരണം, പേപ്പർ കപ്പ്, പ്ലേറ്റ്, ബാഗ് മുതലായ പേപ്പർ ഉല്പന്നങ്ങൾ, എക്സർസൈസ് ബുക്ക് ബൈൻഡിംഗ്, കവർ നിർമ്മാണം, രജിസ്റ്റർ നിർമ്മാണം, ചൂൽ നിർമ്മാണം, ആയുർവ്വേദ ഔഷധ സസ്യങ്ങളുടെ ശേഖരണവും ഉല്പാദനവും, ഫോട്ടോ ഫ്രെയിമിംഗ്, തേനീച്ച വളർത്തൽ മുതലായവ

4. **ഭക്ഷ്യ വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ**

   പയർ ധാന്യ സംസ്കരണം, മസാല സംസ്കരണം, നൂഡിൽസ് നിർമ്മാണം, കൈക്കുത്തരി നിർമ്മാണം, പനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള നിർമ്മാണം, പനം ചക്കര, കരിപ്പട്ടി നിർമ്മാണം, പഴം പച്ചക്കറി സംസ്കരണം, എണ്ണയാട്ടു വ്യവസായം, കശുവണ്ടി സംസ്കരണം, കന്നുകാലി തീറ്റ കോഴിത്തീറ്റ നിർമ്മാണം മുതലായവ

5. **രാസപദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം**

   തീപ്പെട്ടി നിർമ്മാണം, ചന്ദനത്തിരി, പടക്കം, തുകൽ ഉല്പന്ന നിർമ്മാണം, സോപ്പ് നിർമ്മാണം, റബ്ബർ ഉല്പന്ന നിർമ്മാണം, പ്ലാസ്റ്റിക്ക്, പി.വി.സി ഉല്പന്ന നിർമ്മാണം, എല്ലു പൊടി നിർമ്മാണം, മെഴുകുതിരി, കർപ്പൂരം, സീലിംഗ് വാക്സ് നിർമ്മാണം, ഷാംപൂ നിർമ്മാണം, ഹെയർ ഓയിൽ നിർമ്മാണം, വിഷലിപ്തമല്ലാത്ത അലക്കുപൊടി നിർമ്മാണം മുതലായവ

6. **റൂറൽ എഞ്ചിനീയറിംഗ് ആന്റ് ബയോ ടെക്നോളജി**

   ആശാരിപ്പണി, കൊല്ലപ്പണി, അലുമിനീയ ഉല്പന്ന നിർമ്മാണം, ജൈവവള നിർമ്മാണം, ബയോഗ്യാസ് നിർമ്മാണം, പേപ്പർ പിൻ, സ്റ്റൗ പിൻ, സേഫ്റ്റി പിൻ നിർമ്മാണം, അലങ്കാര വൈദ്യുത ബൾബുകൾ, ബോട്ടിലുകൾ ഗ്ലാസ്സ്, കുട നിർമ്മാണം, സൗരോർജ്ജം, കാറ്റാടി യന്ത്രങ്ങൾ, ചെമ്പ്-പിത്തള തുടങ്ങിയവ കൊണ്ടുള്ളതും കൈകൊണ്ടു നിർമ്മിക്കുന്നതുമായ പാത്രങ്ങൾ, റേഡിയോ നിർമ്മാണം, വിവിധതരം ഇലക്ട്രോണിക് ഉല്പന്നങ്ങൾ, തടി കൊണ്ടും ലോഹം കൊണ്ടുമുള്ള വീട്ടുപകരണങ്ങൾ മോട്ടോർ വൈൻഡിംഗ്, കമ്പി വല നിർമ്മാണം, ഇരുമ്പ് ഗേറ്റ് നിർമ്മാണം, കാളവണ്ടി, കൈവണ്ടി, ചെറിയ വള്ളങ്ങൾ, സൈക്കിൾ നിർമ്മാണം, സംഗീത ഉപകരണ നിർമ്മാണം മുതലായവ

7. **വസ്ത്ര വ്യവസായവും സേവന മേഖലയും**

   ഖാദിയല്ലാത്ത വസ്ത്രങ്ങളുപയോഗിച്ചുള്ള വസ്ത്രോല്പന്നങ്ങളും, റെഡിമെയ്ഡ് നിർമ്മാണവും, കളിപ്പാട്ട നിർമ്മാണം, സർജിക്കൽ ബാൻഡേജ്, സ്റ്റൗ തിരി, കാർപ്പറ്റ് നിർമ്മാണം, അലക്കു വ്യവസായം, ബാർബർ ഷോപ്പ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ സർവ്വീസ്, ഗൃഹോപകരണങ്ങൾ, ഡീസൽ എഞ്ചിൻ, പമ്പ് എന്നിവയുടെ അറ്റകുറ്റ പണികൾ, ടയർ റീ ട്രേഡിംഗ്, കാർഷിക ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, മൈക്ക് സിസ്റ്റം വാടകയ്ക്ക് കൊടുക്കൽ, ബാറ്ററി ചാർജിംഗ്, ആർട്ട് ബോർഡ് പെയിന്റിംഗ് സൈക്കിൾ റിപ്പയറിംഗ്, കൽപ്പണി,ബാൻഡ് ട്രൂപ്പ്, ടീ സ്റ്റാൾ, തട്ടുകട, വെജിറ്റേറിയൻ ഹോട്ടൽ, ബ്യൂട്ടി പാർലർ, അയഡൈസ്ഡ് ഉപ്പ് മുതലായവ

***

Omadevi
സെക്ഷൻ ഓഫീസർ